**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 315** **27-10-2021 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അർദ്ധ അതിവേഗ റെയിൽപാതയുടെ ഭൂമി ഏറ്റെടുക്കലിന് മുമ്പ് തന്നെ പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പ്രശ്നങ്ങളും ദൂരീകരിക്കുന്നതിനും ജനപ്രതിനിധി കളുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം കണ്ടെത്താനും പബ്ലിക് ഹിയറിംഗ് നടത്താൻ നടപടി സ്വീകരിക്കും. ഇതുകൂടാതെ വിവിധ സാമൂഹിക - സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും കൂടിക്കാഴ്ചകളിലും വിഷയം അവതരിപ്പിക്കുകയും ആശങ്കൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സാമൂഹിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് 4(1) നോട്ടിഫിക്കേഷൻ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ പുറപ്പെടുവിച്ചു വരുന്നു. അതിനനുസരിച്ച് സാമൂഹ്യ ആഘാതപഠനം നടത്തുകയാണ്. വനം പരിസ്ഥിതി മന്ത്രാലത്തിന്റെ 2006 ലെ വിജ്ഞാപനപ്രകാരം റെയിൽവേ പദ്ധതിക്ക് പാരിസ്ഥിതിക ആഘാതപഠനം ആവശ്യമില്ല. എന്നിരുന്നാലും ദ്രുതപരിസ്ഥിതി ആഘാതപഠനം നടത്തിയിരുന്നു. സമഗ്രപരിസ്ഥിതി ആഘാത പഠനം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ